LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രേറിയൻ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി

117 [1642] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ആകെ എത്ര സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞുകിടക്കുന്നു;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13 (പതിമൂന്ന്).

(ബി) & (സി) ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലും ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞുകിടക്കുന്നില്ല.

പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കാൻ നടപടി

118 [1645] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കണമെന്ന് പാരിപ്പള്ളി വികസനസമിതി നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ജനസംഖ്യാനുപാതികമായി ചാത്തന്നൂർ, കല്ലുവാതുക്കൽ എന്നീ പഞ്ചായത്തുകൾ നിലനിർത്തിക്കൊണ്ടുതന്നെ പ്രസ്തുത പഞ്ചായത്തുകളെ വിഭജിച്ച് പുതുതായി പാരിപ്പള്ളി ആസ്ഥാനമായി പഞ്ചായത്ത് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.